# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

പുസ്തകം 3 ലക്കം 78 ❖ തിരുവനന്തപുരം ❖ 2010 ഒക്ടോബർ 1–15 www.alakal.net വില 2 രൂപ



**അലകളുടെ വരിസംഖ്യ പുതുക്കുക**

**അലകൾ തപാലിൽ ലഭിക്കാൻ 50 രൂപ മണിയോർഡറായി അയക്കുക**

*വിലാസം*

മാനേജർ, അലകൾ, ഗരുഡാ ബിൽഡിംഗ്സ്,
ജി.പി.ഒ. ലെയിൻ, സ്റ്റാച്യൂ, തിരുവനന്തപുരം - 695 001


# മത്സ്യതൊഴിലാളികൾ ദേശവ്യാപകമായി പ്രക്ഷോഭത്തിലേയ്ക്ക്

## ഒക്ടോബർ 29 : അഖിലേന്ത്യ പ്രതിഷേധ ദിനം

ചെന്നൈ: കേന്ദ്ര സർക്കാർ സെപ്റ്റംബർ 15 ന് പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനം മത്സ്യതൊഴിലാളി വിരുദ്ധമായതിനാൽ അവ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറവും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷനും ദേശവ്യാപകമായി പ്രക്ഷോഭം നടത്തുന്നു. തീരമേഖലയുടെ സ്വാഭാവിക പരിസ്ഥിതി നിലനിർത്തുന്നതിനോ, 200 മീറ്റർ തീരപരിധിയിൽ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനോ പുതിയ വിജ്ഞാപനത്തിൽ വ്യവസ്ഥയില്ല. അതേസമയം ടൂറിസ്റ്റ് ലോബികൾക്കും മറ്റ് നിർമ്മാണ ലോബികൾക്കും തീരവും തീരക്കടലും യഥേഷ്ടം ഉപയോഗിക്കാൻ അവസരം നൽകുന്നു. തീരമേഖല മിക്കതും പ്രത്യേക സാമ്പത്തിക മേഖലകളായി (SEZ) പ്രഖ്യാപിക്കാൻ അവസരമൊരുക്കുന്നത് മത്സ്യമേഖലയെ ദോഷകരമായി ബാധിക്കും. മത്സ്യബന്ധന യാനങ്ങൾ സൂക്ഷിക്കാനും മത്സ്യം ഉണക്കാനുമുള്ള കടൽ തീരം ഇതര ആവശ്യങ്ങൾക്കായി മാറ്റാൻ മത്സ്യതൊഴിലാളികൾ ഇനി അനുവദിക്കില്ല. 12 നോട്ടിക്കൽ മൈൽ കടൽഭാഗവും തീരദേശ നിയന്ത്രണ പരിധിയിൽ വരുന്നതിനാൽ സ്വകാര്യമേഖലയിൽ കടൽമണൽ ഖനനവും കൽനികത്തൽ പോലുള്ള വൻകിട പദ്ധതികളും വന്നേക്കാം. തീരദേശ മേഖലയുടെ നിയന്ത്രണത്തിന് ഒരു വിജ്ഞാപനമല്ല വേണ്ടത്, മറിച്ച് മത്സ്യതൊഴിലാളി ജനവിഭാഗത്തിന്റെ താൽപര്യങ്ങൾ കൂടി സംരക്ഷിച്ചുകൊണ്ടുള്ള സമഗ്രമായൊരു നിയമ നിർമ്മാണമാണ് വേണ്ടതെന്ന് ഫെഡറേഷനും, എൻ.എഫ്. എഫും ആവശ്യപ്പെടുന്നു.

ഭൂരഹിതരായ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് 5 സെന്റ് ഭൂമിയും വാസയോഗ്യമായ ഭവനവും നൽകാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. എല്ലാ മത്സ്യതൊഴിലാളി കുടുംബങ്ങളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തി, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ക്ഷേമപദ്ധതികൾ എല്ലാ മത്സ്യതൊഴിലാളികൾക്കും ലഭ്യമാക്കണം.

മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെ ക്വാട്ട വർദ്ധിപ്പിക്കണമെന്ന മത്സ്യതൊഴിലാളികളുടെ ആവശ്യം പരിഗണിക്കുന്നതിനുപകരം നാൾക്കുനാൾ മണ്ണെണ്ണയുടെ ക്വാട്ട വെട്ടികുറയ്ക്കുകയാണ് ചെയ്യുന്നത്. കരിഞ്ചന്തയിൽ നിന്നും അമിത വിലയ്ക്ക് മണ്ണെണ്ണ വാങ്ങി മത്സ്യബന്ധനം നടത്തുന്നതിലൂടെ മത്സ്യതൊഴിലാളികൾക്ക് വൻനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണെണ്ണ ക്വാട്ട നിലനിർത്തുകയും പെട്രോൾ-ഡീസൽ ബങ്കുകളുടെ മാതൃകയിൽ മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന കേന്ദ്രങ്ങളിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കാൻ സർക്കാർ തയ്യാറാകണമെന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടു.

മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതിയുടെ ഗുണം എല്ലാ മത്സ്യതൊഴിലാളികൾക്കും ലഭ്യമാക്കണം. മത്സ്യഫെഡിലെ കുറെ തൊഴിലാളികളുടെ കടങ്ങൾ എഴുതി തള്ളിയതുകൊണ്ടുമാത്രമായില്ല. മത്സ്യതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ മത്സ്യതൊഴിലാളികളുടെയും കടങ്ങൾ എഴുതി തള്ളാൻ കടാശ്വാസ കമ്മീഷൻ തയ്യാറാകണം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ മത്സ്യമേഖലയ്ക്ക് അർഹമായ വിഹിതം ലഭിച്ചിട്ടില്ല. ഈ തെരഞ്ഞെടുപ്പു വേളയിൽ ഇവ ചർച്ചാവിഷയമാക്കാൻ വേണ്ട പ്രചാരണ പരിപാടികൾ ഫെഡറേഷൻ സംഘടിപ്പിക്കും. മത്സ്യതൊഴിലാളികളുടെ ഉപജീവനത്തിനും ആരോഗ്യ-വിദ്യാഭ്യാസ മേഖലയ്ക്കും ഊന്നൽ നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാകണമെന്ന് ഫെഡറേഷൻ ആവശ്യപ്പെട്ടു.

തീരദേശ നിയന്ത്രണ വിജ്ഞാപനം സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും അടങ്ങിയ നിവേദനം ഒക്ടോബർ 15 ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ്, പരിസ്ഥിതി മന്ത്രാലയം, യു.പി.എ. കൺവീനർ സോണിയാഗാന്ധി, പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കൾ, എം.പി.മാർ എന്നിവർക്കും നൽകി. ഒക്ടോബർ 20 മുതൽ 28 വരെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലെ ജില്ലാ കേന്ദ്രങ്ങളിൽ ധർണയും സത്യാഗ്രഹവും നടത്തും. ഒക്ടോബർ 29 ന് അഖിലേന്ത്യാതലത്തിൽ പ്രതിഷേധദിനമായി ആചരിക്കും. അന്നേ ദിവസം കേന്ദ്ര സർക്കാർ ഓഫീസുകളിലേക്ക് ആയിരക്കണക്കിന് മത്സ്യതൊഴിലാളികൾ മാർച്ച് ചെയ്യും. ലോക മത്സ്യതൊഴിലാളി ദിനമായ നവംബർ 21 ന് സംസ്ഥാനതലത്തിൽ ബഹുജന കൺവെൻഷനുകൾ സംഘടിപ്പിക്കുവാനും സെപ്റ്റംബർ 25, 26 തീയതികളിൽ ചെന്നൈയിൽ കൂടിയ നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു.

# കോവളത്തെ കൃത്രിമപ്പാരിനു പിന്നിൽ അഴിമതി

തിരുവനന്തപുരം: കോവളത്ത് വിനോദസഞ്ചാരവകുപ്പ് നിർമ്മിച്ച കൃത്രിമ പാരിനു പിന്നിൽ വൻ അഴിമതിയുണ്ടെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷനും കേരള ടൂറിസം വാച്ചും ആരോപിച്ചു.

സുനാമി ഫണ്ട് വകമാറ്റിച്ചെലവഴിച്ച് നിർമ്മിച്ച പാര് വൻപരാജയമാണെന്നും ഇതിനു പിന്നിലെ അഴിമതി പുറത്തുകൊണ്ടുവരാൻ ജുഡീഷ്യൽ അന്വേഷണവും സോഷ്യൽ ഓഡിറ്റിങ്ങും നടത്തണമെന്ന് ഇരുസംഘടനകളും ആവശ്യപ്പെട്ടു.

കൃത്രിമ പാര് വൻവിജയമാണെന്ന ഇത് നിർമ്മിച്ച എ എസ് ആർ കമ്പനിയുടെ അവകാശവാദം തെറ്റാണെന്ന് ഫെഡറേഷൻ നേതാവ് ടി. പീറ്റർ, ടൂറിസം വാച്ച് ഭാരവാഹികളായ സുമേഷ് മംഗലശേരി, സജീർ അബ്ദുൽ റഹ്മാൻ, മുൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ഡി. സഞ്ജീവഘോഷ് എന്നിവർ പറഞ്ഞു.

കമ്പനിക്ക് ടെൻഡർ ലഭിച്ചതിൽ ദുരൂഹതയുണ്ട്. പാരിന്റെ സാങ്കേതിക വശങ്ങൾ വിലയിരുത്തിയത് ടൂറിസം വകുപ്പും സെസ്സുമാണ്. സെസ്സിലെ ശാസ്ത്രജ്ഞരും വിവാദ കമ്പനി മേധാവികളും ഒന്നിച്ച് ശാസ്ത്രലേഖനങ്ങൾ എഴുതിയിട്ടുണ്ടെന്നും രാജ്യാന്തര സെമിനാറുകളിൽ വേദിപങ്കിട്ടുണ്ടെന്നും ഇവർ ആരോപിച്ചു.

നാലു കോടി രൂപ ലക്ഷ്യമിട്ട് പ്രാരംഭ പ്രവർത്തനം നടത്തിയ കൃത്രിമ പാര് എട്ടു കോടി രൂപയ്ക്കാണ് പൂർത്തിയാക്കിയിരുന്നത്.

തീരസംരക്ഷണത്തിനായി കടലിൽ സ്ഥാപിച്ച ജിയോടെക്സ്റ്റൈൽ ബാഗുകളിലൊന്ന് പദ്ധതി പൂർത്തിയാക്കി രണ്ടാഴ്ച കഴിഞ്ഞപ്പോൾ തകർന്നിരുന്നു. കോവളത്ത് നിർമ്മിച്ച പാര് വൻ വിജയമാണെന്ന് ചൂണ്ടികാട്ടി ഗോവ, മഹാരാഷ്ട്ര, കർണാടക എന്നിവിടങ്ങളിൽ എഡിബിയുടെയും ലോകബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ സമാനപദ്ധതികൾ ആരംഭിക്കാൻ പോകുകയാണെന്നും ഇതിനു പിന്നിൽ വൻ ഗൂഡാലോചനയുണ്ടെന്ന് സംഘടനകൾ ആരോപിച്ചു.

തീരസംരക്ഷണം, മത്സ്യസമ്പത്ത് വർദ്ധിപ്പിക്കൽ, വിനോദസഞ്ചാരമേഖലയിൽ അനുകൂലഘടകങ്ങൾ സൃഷ്ടിക്കൽ എന്നിവയിൽ കൃത്രിമ പാര് പരാജയപ്പെട്ടതായും കോവളം തീരങ്ങളിൽ കമ്പവല ഉപയോഗിക്കുന്ന മത്സ്യതൊഴിലാളികളുടെ വലകൾ കേടുവന്നതായും ടി. പീറ്റർ പറഞ്ഞു.

വിവാദ കമ്പനിയുടെ തെറ്റായ അവകാശവാദങ്ങൾ വിനോദസഞ്ചാരവകുപ്പ് പ്രചരിപ്പിക്കുകയാണെന്ന് ഇരുസംഘടനകളും പറഞ്ഞു.

കോസ്റ്റൽ മറൈൻ ടാക്സ് ഫോഴ്സിന്റെ പ്ലാനിങ് ബോർഡ് ആദ്യഘട്ടത്തിൽ തള്ളിക്കളഞ്ഞ ഈ പദ്ധതി പിന്നീട് ടൂറിയം വകുപ്പ് അംഗീകരിക്കുകയായിരുന്നു.

ഉദ്യോഗസ്ഥരും ശാസ്ത്രജ്ഞരും കമ്പനിയും തമ്മിലുള്ള അവിശുദ്ധബന്ധത്തെക്കുറിച്ച് അന്വേഷണം വേണമെന്ന് കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷനും കേരള ടൂറിസം വാച്ചും ആവശ്യപ്പെട്ടു.

## മണ്ണെണ്ണ പ്രതിസന്ധി പരിഹരിക്കണം

കൊല്ലം: മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ന്യായവിലയ്ക്ക് നൽകാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തയ്യാറാകണമെന്നും മത്സ്യതൊഴിലാളി കടാശ്വാസ പദ്ധതിയുടെ ഗുണം എല്ലാ മത്സ്യതൊഴിലാളികൾക്കും ലഭ്യമാക്കണമെന്നും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ ആവശ്യപ്പെട്ടു. ഇതുസംബന്ധിച്ച് കൊല്ലം വാടിയിൽ ഫെഡറേഷൻ സംഘടിപ്പിച്ച വിശദീകരണ യോഗത്തിൽ ജില്ല പ്രസിഡന്റ് എസ്. ഫ്രാൻസിസ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എ.ആൻഡ്രൂസ്, എസ്. ജെയിംസ്, എം.ആമ്പ്രോസ്, എസ്. സ്റ്റീഫൻ എന്നിവർ പ്രസംഗിച്ചു.

# സി.ആർ.സെഡ്. തരംതിരിവ് – തീരമേഖലയേയും സമുദ്രജലമേഖലയേയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ സി.ആർ.സെഡ്. പ്രദേശങ്ങളെ ചുവടെ പറയുന്ന രീതിയിൽ തരംതിരിച്ചിരിക്കുന്നു

**1. സി.ആർ.സെഡ്. – 1**

എ. പാരിസ്ഥിതികമായി ദുർബലവും തീരദേശമേഖലയുടെ സംയോജകതയെ നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നതുമായ പ്രദേശങ്ങൾ.

(എ) കണ്ടൽമേഖലകൾ. ഇത് 1000 ചതുരശ്ര മീറ്ററിലധികം വരുന്നുവെങ്കിൽ 50 മീറ്ററിന്റെ കരുതൽ മേഖലകൂടി അതിലുൾപ്പെടുത്താവുന്നതാണ്.

(ബി) പവിഴപ്പുറ്റുകളും അവയുൾപ്പെട്ട പാറക്കൂട്ടങ്ങളും അവയോടനുബന്ധിച്ചുള്ള ജൈവവൈവിധ്യവും

(സി) മണൽക്കുന്നുകൾ

(ഡി) ജൈവപരമായി സചേതനമായ ചേറുപരപ്പുകൾ

(ഇ) ദേശീയ പാർക്കുകൾ, സമുദ്ര പാർക്കുകൾ, വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ, സംരക്ഷിത വനങ്ങൾ, വന്യജീവി ആവാസ വ്യവസ്ഥകൾ, വന്യജീവി (സംരക്ഷണ) നിയമം 1972 (1972ന്റെ 53), കൂടാതെ വന (പരിപാലന) നിയമം, 1980 (1980ന്റെ 69) അല്ലെങ്കിൽ പരിസ്ഥിതി (സംരക്ഷണ) നിയമം, 1986 (1986ന്റെ 29) എന്നിവയുടെ കീഴിൽ വരുന്ന സംരക്ഷിത ജൈവ സങ്കേതമുൾപ്പെടെയുള്ള മറ്റ് പ്രദേശങ്ങൾ.

(എഫ്) ഉപ്പ് പാടങ്ങൾ

(ജി) ആമകളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ

(എച്ച്) കുതിര ലാടത്തിന്റെ ആകൃതിയിലുള്ള ഞണ്ടുകളുടെ ആവാസ സങ്കേതങ്ങൾ

(ഐ) കടൽപ്പായൽതിട്ടകൾ

(ജെ) പക്ഷികളുടെ കൂടൊരുക്കൽ സങ്കേതങ്ങൾ

(കെ) പൗരാണിക പ്രാധാന്യമുള്ള പ്രദേശങ്ങൾ അല്ലെങ്കിൽ ഘടകങ്ങൾ, പൈതൃക സങ്കേതങ്ങൾ എന്നിവ

ബി. വേലിയേറ്റ രേഖയ്ക്കും വേലിയിറക്ക രേഖയ്ക്കുമിടയിലെ പ്രദേശങ്ങൾ.

സി. കടൽനിരപ്പുയരുന്നതുവഴി വെള്ളപ്പൊക്കത്തിന് സാധ്യതയുള്ള മേഖലകൾ.

**(ii) സി.ആർ.സെഡ് – II**

തീരരേഖ വരെയോ അതിനടുത്ത് വരെയോ വികസിപ്പിച്ചിട്ടുള്ള പ്രദേശങ്ങൾ. ഈ പട്ടിക (A,B,C) യിൽ ''വികസിത മേഖല'' എന്നാൽ ഉദ്ദേശിക്കുക മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങൾ അല്ലെങ്കിൽ നിയമപരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും നല്ല നിലയിൽ രൂപീകരിച്ചിട്ടുള്ളതും അപ്രോച്ച് റോഡുകൾ, മലിന ജല നിർഗ്ഗമന സംവിധാനങ്ങൾ എന്നിവയും ജല വിതരണം, ഓടകൾ തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നൽകപ്പെട്ടിട്ടുള്ളതുമായ നഗരപ്രദേശങ്ങൾ എന്നാണ്.

**(iii) സി.ആർ.സെഡ്. – III**

ഒന്നാം ഗണത്തിലോ രണ്ടാം ഗണത്തിലോ ഉൾപ്പെടാത്തതും താരതമേന്യ സ്വച്ഛവുമായ മേഖലകൾ. ഗ്രാമപ്രദേശങ്ങളിലെ തീരമേഖലകളും (വികസിതവും അവികസിതവും) മുനിസിപ്പൽ പരിധിയിൽ വരുന്ന പ്രദേശങ്ങളും നിയമ പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും എന്നാൽ കാര്യമായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കാത്തതുമായ മേഖലകളും ഇതിലുൾപ്പെടുന്നു.

**(iv) സി.ആർ.സെഡ്. – IV**

എ. വേലിയിറക്ക രേഖയിൽനിന്ന് ഉള്ളിലേക്ക് കടലിനു നേർക്ക് 12 നോട്ടിക്കൽ മൈൽ ദൂരത്തിലുള്ള ജല മേഖല.

ബി. വേലിയേറ്റ രേഖയിൽനിന്ന് ഉള്ളിലേക്ക് കടലിനു നേർക്ക് 12 നോട്ടിക്കൽ മൈൽ ദൂരത്തിലുള്ള ജല മേഖല.

സി. വേലിയേറ്റ സ്വാധീനത്തിലുൾപ്പെടുന്ന ജലാശയങ്ങളുടെ സമുദ്രവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ജലമുഖം മുതൽ മൊത്തം ജലാശയം ഇതിലുൾപ്പെടുന്നു. ഒരു വർഷത്തെ ഏറ്റവും വരണ്ട കാലത്ത് ആയിരത്തിൽ അഞ്ച് ഭാഗം എന്ന തോതിൽ ലവണാംശം നിശ്ചയിച്ചാണ് വേലിയേറ്റ സ്വാധീനം അളക്കുന്നത്.

(v) തീരദേശ പരിസ്ഥിതി സംരക്ഷണത്തിനും, പ്രാദേശിക സമൂഹം നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രത്യേക പരിഗണന ആവശ്യമായ പ്രദേശങ്ങൾ.

എ. ഗ്രേറ്റർ മുംബൈയുടേയും നവി മുംബൈയുടേയും മുനിസിപ്പൽ പരിധിയിൽ വരുന്ന സി.ആർ.സെഡ്. മേഖല.

ബി. കേരളത്തിലെ കായലുകളും കായൽതുരുത്തുകളും മുൾപ്പെട്ട സി.ആർ.സെഡ്. പ്രദേശങ്ങൾ

സി. പശ്ചിമ ബംഗാളിലെ സുന്ദർബൻ മേഖല.

ഡി. ഗോവയിലെ സി.ആർ.സെഡ്. പ്രദേശങ്ങൾ.

8. പ്രവർത്തന നിയന്ത്രണ മാനദണ്ഡങ്ങൾ

(i) അപായമേഖലയിൽ കേന്ദ്രീകരിക്കാനുദ്ദേശിച്ചുള്ള പദ്ധതികൾക്ക് വേണ്ടത്ര സുരക്ഷാ ഏർപ്പാടുകൾ രൂപീകരിക്കുകയോ നൽകുകയോ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(ii) വിവിധതരത്തിൽപ്പെട്ട സി.ആർ. മേഖലകളിലെ വികസന, നിർമ്മാണ പ്രവർത്തനങ്ങൾ അതത് സംസ്ഥാന-കേന്ദ്ര ഭരണതലത്തിലെ അധികൃതർ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം നിയന്ത്രിക്കേണ്ടതാണ്.

**I സി.ആർ.സെഡ്. – I**

(i) ചുവടെ പറയുന്നവയൊഴികെ ഒരുവിധ പുതിയ നിർമ്മാണ പ്രവർത്തനങ്ങളും സി.ആർ.സെഡിൽ അനുവദിക്കുന്നതല്ല.

(എ) ആണവോർജ്ജ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ.

(ബി) സംപ്രേക്ഷണ കേബിളുകളുൾപ്പെടെയുള്ള ശീതീകരണികളെ വഹിക്കുന്ന കുഴൽ നിരകൾ.

(സി) സി.ആർ.സെഡ്. – 1ന് കീഴിൽ അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് അനിവാര്യമായ സൗകര്യങ്ങൾ.

(ഡി) ചുഴലിക്കാറ്റുകളുടെ നീക്കങ്ങൾ വിലയിരുത്തുന്നതിനും ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനങ്ങൾക്കുമായി കാലാവസ്ഥാ നിരീക്ഷണോപകരണങ്ങൾ സ്ഥാപിക്കൽ.

(ഇ) വേലിയേറ്റ രേഖക്കും വേലിയിറക്ക രേഖക്കുമിടയിലെ തിരയൊഴുക്കിനെ ബാധിക്കാതെ പൊയ്ക്കാലുകളിലോ, തൂണുകളിലോ, തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള കടൽപ്പാതകളോ അനുബന്ധങ്ങളോ ലിങ്കുകളോ നിർമ്മിക്കൽ.

(എഫ്) വിശദമായ ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തീരദേശ പരിസ്ഥിതിക്ക് ഊനം തട്ടാത്ത രീതിയിൽ സംരക്ഷണ മുൻകരുതലുകൾ എടുത്തുകൊണ്ട് നവി മുംബൈയിലെ പുതിയ വിമാനത്താവളത്തിന്റെ വികസന പ്രവർത്തനം.

(ii) വേലിയേറ്റ രേഖയുടേയും വേലിയിറക്കരേഖയുടേയും ഇടക്കുള്ള, പാരിസ്ഥിതികമായി ദുർബലമല്ലാത്തതോ പ്രധാനമല്ലാത്തതോ ആയ പ്രദേശങ്ങളിൽ ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ അനുവദിക്കാവുന്നതാണ്.

(എ) പ്രകൃതി വാതക പര്യവേഷണവും ശേഖരണവും.

(ബി) സംരക്ഷിത ജൈവ മണ്ഡലങ്ങളിൽ പരമ്പരാഗതമായി അധിവസിച്ചുപോരുന്ന ജനവിഭാഗങ്ങളുടെ ഉപയോഗത്തിലേക്കായി ചികിത്സാലയങ്ങൾ, മഴമറകൾ, പൊതുശൗചപ്പുരകൾ, പാലങ്ങൾ, റോഡുകൾ, ജെട്ടികൾ, ജലവിതരണ സംവിധാനങ്ങൾ, മലിനജല നിർഗമനോപാധികൾ ബന്ധപ്പെട്ട സി.സെഡ്.എം. അധികൃതരുടെ അനുമതിയോടെ നിർമ്മിക്കൽ.

(സി) അപായമേഖലയിലുൾപ്പെട്ട പ്രദേശങ്ങളിൽ ഇത്തരം വികസനപ്രവർത്തനങ്ങൾ അനുവദിക്കുമ്പോൾ അനിവാര്യമായ സുരക്ഷാ നടപടികൾ കൂടിവ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഡി) സൂര്യപ്രകാശം മൂലം വെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കൽ.

(ഇ) നിർലവണീകരണ പ്ലാന്റുകൾ

(എഫ്) പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായകരമല്ലാത്ത ചരക്കുകളുടെ സൂക്ഷിപ്പ്.

(ജി) തിരയൊഴുക്കിനെ ബാധിക്കാതെ അഴിമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പൊയ്ക്കാലുകളിലോ തൂണുകളിലോ കടൽപ്പാതകളിലോ അനുബന്ധ ശൃംഖലകൾ നിർമ്മിക്കൽ

**II സി. ആർ സെഡ് – II**

(i) നിലവിലുള്ള റോഡുകളുടെ (അല്ലെങ്കിൽ ആ പ്രദേശത്തെ അനുമതി ലഭ്യമായ സി.സെഡ്, എം പദ്ധതിയിൽ നിർമ്മിക്കുവാനുദ്ദേശിച്ചിട്ടുള്ള റോഡുകളുടെ) കരയോടു ചേർന്നുള്ള ഭാഗത്ത് മാത്രമോ അഥവാ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ കരയോട് ചേർന്നുള്ള ഭാഗത്ത് മാത്രമോ അല്ലെങ്കിൽ അപായ രേഖയ്ക്ക് തൊട്ടരുകത്തായി അംഗീകൃത കെട്ടിടങ്ങളൊന്നും നിലവിലില്ലാത്ത പക്ഷം ആ രേഖയുചെ കരയുടെ, കരയോടു ചേർന്നുള്ള ഭാഗത്തുമാത്രമോ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകാവുന്നതാണ്. നിലവിലുള്ളതും നിർദ്ദിഷ്ടവുമായ റോഡുകളുടെയോ നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെയോ കരയോട് ചേർന്നുള്ള ഭാഗത്ത് അനുവദിക്കുന്ന കെട്ടിടങ്ങൾ, 19.02.1991 ൽ നിലവിൽവന്നതായ ഗ്രാമീണ/പട്ടണ പ്ലാനിംഗ് ചട്ടങ്ങൾക്ക് വിധേയമായിരിക്കും ഇതിൽ തറവിസ്തൃതി സൂചിക അഥവാ തറവിസ്തൃതി അനുപാത നിയമവും ഉൾപ്പെടുന്നു.

നിലവിലുള്ള ഒരു റോഡിന്റെ കടൽഭാഗത്തോടു ചേർന്നുള്ള വശത്ത് പുതുതായി നിർമ്മിച്ചിട്ടുള്ള ഏതെങ്കിലും പുതിയ റോഡുകളുടെ (സി സെഡ് എം പദ്ധതി പ്രകാരമുള്ള നിർദ്ദിഷ്ട റോഡുകളുടെയൊഴികെ) കരയോട് ചേർന്നുള്ള ഭാഗത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതല്ല.

നിലവിലുള്ള റോഡുകളേയും അംഗീകൃത കെട്ടിടങ്ങളേയും അംഗീകൃത സി സെഡ് എം പിയോടനുബന്ധിച്ചുള്ള നിർദ്ദിഷ്ട റോഡുകളേയും പുതിയ റോഡുകളേയും ആധാരമാക്കിയുള്ള നിർമ്മാണ നിയന്ത്രണങ്ങൾ, 19-02-91 നു മുമ്പായി സംസ്ഥാന/തദ്ദേശ അധികൃതരിൽ നിന്ന് പ്രസക്തമായ എല്ലാ അനുമതികളും ലഭിച്ചിട്ടുള്ളതും അതേ തീയിതിക്കുമുമ്പായി കുറഞ്ഞത് ഒരു ഘട്ടമെങ്കിലും നിർമ്മാണം തുടങ്ങിവച്ചതുമായ, സംസ്ഥാന നഗര വികസന വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾക്ക് ബാധകമല്ല അത്തരം സാഹചര്യങ്ങളിൽ ഓരോരോ പ്രവർത്തനത്തിനും കേന്ദ്ര വനം

-പരിസ്ഥിതി മന്ത്രാലയത്തിന്റെ സവിശേഷാനുമതി ആവശ്യമാണ്.

(ii) നിലവിലുള്ള തറവിസ്തൃതി സൂചിക/തറവിസ്തൃതി അനുപാത നിബന്ധനകൾക്കനുസൃതമായും എന്നാൽ നിലവിലുള്ള ഉപയോഗത്തിൽ മാറ്റം വരുത്താതെയും അംഗീകൃത കെട്ടിടങ്ങൾക്ക് പുനർനിർമ്മാണം അനുവദിക്കുന്നതാണ്.

(iii) കെട്ടിടങ്ങളുടെ മാതൃകയും ഘടനയും പരിസര പ്രദേശത്തെ ഭൂപ്രകൃതിക്കും തദ്ദേശ വാസ്തുവിദ്യാശൈലിക്കും യോജിക്കുന്നതായിരിക്കണം

(iv) പെട്രോളിയം ഉൽപ്പന്നങ്ങളുടെയും ദ്രാവക രൂപത്തിലാക്കിയ പ്രകൃതി വാതകത്തിന്റേയും സ്വീകരണസംഭരണ സൗകര്യങ്ങൾ ഈ വിജ്ഞാപനത്തിന്റെ അനുബന്ധം ii ൽ പ്രതിപാദിക്കുന്ന രീതിയിലും ദ്രാവക രൂപത്തിലെ പ്രകൃതി വാതകത്തിന്റെ പുനർ ബാഷ്പീകരണത്തിലുള്ള സൗകര്യങ്ങൾ ഖണ്ഡിക 2 (ii) ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയവുമായിരിക്കണം

(v) നിർലവീകരണ പ്ലാന്റുകളും അനുബന്ധ സൗകര്യങ്ങളും

(vi) പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യ എണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായരഹിത ചരക്കുകളുടെ സൂക്ഷിപ്പ്.

(vii) പാരമ്പര്യേതര ഊർജ്ജോൽപാദന സ്രോതസ്സുകളും അനുബന്ധ സൗകര്യങ്ങളും

**III സി.ആർ.സെഡ് – III**

എ. വേലിയേറ്റ രേഖയിൽ നിന്ന് കരയിലേക്ക് 200 മീറ്റർ വരെയുള്ള പ്രദേശം 'വികസന നിഷിദ്ധ മേഖലയായി' നിജപ്പെടുത്തേണ്ടതാണ്.

(i) പ്രത്യേകം വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളുടേയോ പ്രത്യേക സാമ്പത്തിക മേഖലയായി നിജപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടേയോ പരിധിയിൽ വരുന്ന ഭാഗങ്ങൾക്ക് "വികസന നിഷിദ്ധമേഖല'' ബാധകമല്ല.

(ii) ഈ വിജ്ഞാപന പ്രകാരമുള്ള പ്രവർത്തനങ്ങൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നിലവിലുള്ള തറവിസ്തൃതി സൂചകത്തിന്റേയും പ്ലിന്ത് ഏരിയായുടെയും വ്യാപ്താനുപാതത്തിന്റേയും തോതുകൾ മറികടക്കാതെയുള്ള അറ്റകുറ്റപണികളും പുനഃനിർമ്മാണവുമൊഴികെ മറ്റൊരു വിധ നിർമ്മാണ പ്രവർത്തനങ്ങളും ഈ മേഖലയിൽ അനുവദനീയമല്ല.

(iv) എന്നിരുന്നാലും കൃഷി, ഉദ്യാന നിർമ്മാണം, ഫല വൃക്ഷ പരിപാലനം, മേച്ചിൽ പ്രദേശങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, വനവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഈ മേഖലയിൽ അനുവദനീയമാണ്.

(v) ആണവേർജ്ജ വകുപ്പിന്റെ പദ്ധതികൾ

(vi) അപൂർവ്വ ധാതുഖനനം

(vii) അനുബന്ധ – II ൽ പ്രതിപാദിപ്പിക്കുന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടേയും ദ്രാവകരൂപത്തിലാക്കിയ പ്രകൃതി വാതകങ്ങളുടെയും സ്വാകരണത്തിനും സംഭരണത്തിനുമുള്ള സൗകര്യങ്ങൾ.

(ix) ഖണ്ഡിക 2 (ii) ലെ വ്യവസ്ഥകളിൽ പരാമർശിച്ച പ്രകാരം ദ്രാവക രൂപത്തിലെ പ്രകൃതി വാതകത്തിന്റെ ബാഷ്പീകരണത്തിനുള്ള സംവിധാനങ്ങൾ

(x) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുൽപ്പാദനത്തിനുള്ള സംവിധാനങ്ങൾ

(xi) നിർലവണീകരണ നിരീക്ഷണോപകരണങ്ങൾ

(xiii) തദ്ദേശവാസികളുടെ ഉപയോഗത്തിനായി ചികിത്സാസലയങ്ങൾ, പൊതു മഴമറകൾ, പൊതു ശൗചപ്പുരകൾ, പാലങ്ങൾ, വഴികൾ, ജല വിതരണ സംവിധാനങ്ങൾ, അഴുക്ക് ചാലുകൾ, മറ്റ് മലിന നിർഗ്ഗമന സംവിധാനങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ഓരോന്നിനും കേന്ദ്ര സർക്കാരിന്റേയോ സി.സെഡ്.എം.എ യുടേയോ സവിശേഷാനുമതി ലഭിച്ചിരിക്കേണ്ടതാണ്.

(xiv) തദ്ദേശ മത്സ്യതൊഴിലാളി വിഭാഗങ്ങൾക്കാവശ്യമായ മീനുണക്കൽ കളങ്ങൾ, ലേല കേന്ദ്രങ്ങൾ, വലനന്നാക്കൽ കളങ്ങൾ, പരമ്പരാഗത ബോട്ട് നിർമ്മാണ ക്കളങ്ങൾ ഐസ് പൊടിക്കൽ യൂണിറ്റുകൾ, മത്സ്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ.

B 200 മീറ്റർ മുതൽ 500 മീറ്റർ വരെയുള്ള പ്രദേശം

(i) നിർദ്ദിഷ്ട ആർ സെഡ് മേഖലയിൽപ്പെടുന്ന വേലിയേറ്റ രേഖയിലുൾപ്പെടുന്ന വേലിയേറ്റ രേഖയുടെ ഇരുന്നൂറുമീറ്ററിനകത്തും അഞ്ഞൂറുമീറ്ററിനും ഇടയിലെ ഒഴിവുള്ള സ്ഥലത്ത് അനുബന്ധ III യിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനോദ സഞ്ചാരികളുടെയോ സന്ദർശകരുടേയോ താൽകാലിക താമസത്തിനായി ഹോട്ടലുകളോ, ബീച്ച് റിസോർട്ടുകളോ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതിയോടെ നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള വികസനം.

(ii) അനുബന്ധം – II ൽ പ്രതിപാദിക്കുന്ന രീതിയിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടേയും ദ്രാവക രൂപത്തിലാക്കിയ പ്രകൃതി വാതകത്തിന്റേയും സ്വീകരണ സംഭരണ സൗകര്യങ്ങൾ.

(iii) ഖണ്ഡിക 2 (ii) ൽ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ദ്രാവക രൂപത്തിലുള്ള പ്രകൃതി വാതകത്തിന്റെ പുനർബാഷ്പീകരണത്തനുള്ള സൗകര്യങ്ങൾ.

(iv) പ്രത്യേകമായി വിജ്ഞാപനം ചെയ്തിട്ടുള്ള തുറമുഖങ്ങളിൽ ഭക്ഷ്യഎണ്ണ, രാസവളങ്ങൾ, ധാന്യങ്ങൾ തുടങ്ങിയ അപായ രഹിതമായ ചരക്കുകളുടെ സൂക്ഷിപ്പ്.

(v) നിർലവണീകരണ പ്ലാന്റുകളും അനുബന്ധ സൗകര്യങ്ങളും

(vi) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുൽപ്പാദനത്തിലുള്ള സൗകര്യങ്ങൾ

(vii) പരമ്പരാഗതാവകാശമുള്ളതും നാട്ടുനടപ്പനുസരിച്ചുള്ള ഉപയോഗത്തിലുള്ളതുമായ മത്സ്യബന്ധന ഗ്രാമങ്ങളുടെയും സങ്കേതങ്ങളുടെയും, പരിധിക്കുള്ളിലെ വാസ സ്ഥാനങ്ങളുടെ നിർമ്മാണമോ പുനഃനിർമ്മാണമോ

(vii) മണ്ഡലത്തിൽ വരുന്ന സ്ഥലങ്ങളിൽ അനുവദനീയമായ വസതികളുടെ നിർമിതി അല്ലെങ്കിൽ പുനഃർനിർമിതി എന്നാൽ മേൽപ്പറഞ്ഞ നിർമിതി അല്ലെങ്കിൽ പുനഃനിർമിതിക്കുള്ള അനുമതി എല്ലാ ഉപാധികൾക്കും വിധേയമാണ്, മൊത്തം വസതികളുടെ എണ്ണം നിലവിലുള്ള വസതികളുടെ ഇരട്ടിയിലധികമാവാൻ പാടില്ല. എല്ലാ നിലങ്ങളുടെയും മൊത്തം നിർമിതിയുടെ ഉയരം 9 മീറ്ററിൽ കൂടുവാൻ പാടില്ല നിർമ്മിതി രണ്ടുനില (തറ നിലയും ഒന്നാം നിലയും) യിലധികമാവാൻ പാടില്ല.

(ix) വിജ്ഞാപന പ്രകാരം അനുവദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായതും ഒഴിവാക്കാൻ വയ്യാത്തതുമായ സൗകര്യങ്ങളുടെ നിർമ്മിതി അനുവദനീയമാണ്.

(x) പൊതുമഴമറകൾ, പൊതു ശൗചപ്പുരകൾ, ജലവിതരണം, ഓടകൾ മറ്റ് മലിനജല നിർഗമനോപാധികൾ, വഴികൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മിതിക്കുള്ള അനുമതി അതാത് സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്രഭരണ സർക്കാർ നിർദ്ദേശിക്കുന്ന് അധികാരികൾ വഴി ലഭിക്കുന്നതാണ്. ഏതെങ്കിലും പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും സി.ആർ. സെഡ് ൽ ഉൾപ്പെടുകയും അവിടെ സ്കൂളുകളോ ചികിത്സാലയങ്ങളോ നിർമ്മിക്കാൻ മറ്റിടങ്ങളിൽ സൗകര്യങ്ങളില്ലാതെ വരികയും ചെയ്താൽ, തദ്ദേശവാസികളുടെ ഉപയോഗാർത്ഥം അവ പ്രസ്തുത പ്രദേശത്ത് നിർമ്മിക്കുന്നതിനുള്ള അനുമതിയും മേൽപറഞ്ഞ അധികാരകൾക്ക് നൽകാവുന്നതാണ്.

(x) മേൽപ്പറഞ്ഞ vii, viii, ix ഖണ്ഡികകൾ പ്രകാരം നിലവിലുള്ള അംഗീകൃത കെട്ടിടങ്ങളുടെ പുഃനനിർമ്മിതിയോ പരിവർത്തനമോ

(xi) വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള പ്രത്യേക സാമ്പത്തിക മേഖലയിൽ ആ സാമ്പത്തിക മേഖലയുടെ വികസനത്തിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതും എസ്.ഇ.സെഡ് അധികൃതർ അനുമതി നൽകിയതുമായ രൂപരേഖയ്ക്ക് ആവശ്യമായി വരുന്ന മലിനീകരണ രഹിത വിവരസാങ്കേതിക വിദ്യാവ്യവസായങ്ങൾ മറ്റ് സേവന വ്യവസായങ്ങൾ, നിർലവണീകരണ പ്ലാന്റുകൾ, ബീച്ച് റിസോർട്ടുകൾ, അവയ്ക്കനുബന്ധമായ വിനോദ സൗകര്യങ്ങളും നിർമ്മിക്കുന്നതിന് അനുമതിയുണ്ട്.

(xii) നവി മുംബൈയിലെ പുതിയ വിമാനത്താവളത്തിന്റെയും അതോടു ബന്ധപ്പെട്ട പ്രവർത്തന മേഖലകളുടെയും വികസനം.

IV സി.ആർ.സെഡ് IV മേഖലകളിൽ

(എ) അസംസ്കൃത മലിനജലവും ദ്രാവകത്തിലോ ഖരരൂപത്തിലുള്ള മാലിന്യങ്ങളും പുറംതള്ളുകയോ കുന്നുകൂട്ടി വയ്ക്കുകയോ ചെയ്യുവാൻ പാടില്ല.

(ബി) നഗരത്തിൽ നിന്ന് നിർഗമിക്കുന്ന മലിനജലത്തിന്റെ സംസ്കരത്തിന് ഒരു സമഗ്രപദ്ധതി, ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷത്തിനകം രൂപകൽപന ചെയ്യേണ്ടതും രണ്ട് വർഷത്തിനകം നടപ്പാക്കേണ്ടതുമാണ്.

(സി) തദ്ദേശ ജനസമൂഹം നടത്തിവരുന്ന മത്സ്യബന്ധനത്തിനും അതോടു ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും നിയന്ത്രണ മേർപ്പെടുത്തുന്നതല്ല.

**2 കേരളത്തിന്റെ സി.ആർ.സെഡ്**

(i) കേരളത്തിലെ കായലുകളിലെ എല്ലാ തുരുത്തുതളിലും സി.ആർ.സെഡ് വിജ്ഞാപനത്തിൽ കീഴിൽ ഉൾക്കൊള്ളിക്കുന്നതാണ്.

(ii) എല്ലാ കായൽത്തുരുത്തുകളും വേലിയേറ്റ രേഖയിൽ നിന്ന കരയുടെ ദിശയിലേക്കുള്ള 50 മീറ്റർ ഭാഗം സി.ആർ.സെഡ് മേഖലയായിരിക്കും.

(iii) തദ്ദേശജനസമൂഹങ്ങളുടെ വസതികൾ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ പരിധിയിൽ വരുന്നവ, പുതുക്കുകയോ പുഃനർനിർമ്മിക്കുകയോ ചെയ്യാവുന്നതാണ്. പുതിയ നിർമ്മാണങ്ങൾ അനുവദിക്കുന്നതല്ല.

(iv) വേലിയേറ്റ രേഖയിൽ നിന്ന് കരയുടെ ദിശയിൽ 50 മീറ്ററിനപ്പുറത്തേയ്ക്ക് തദ്ദേശവാസികൾക്കുള്ള പാർപ്പിടങ്ങൾ അതതു പ്രദേശത്തെ പഞ്ചായത്തിന്റെ അനുമതിയോടെ നിർമ്മിക്കാനുന്നതാണ്.

(v) കടൽജലത്തോടു തൊട്ടു കിടക്കുന്ന തീരഭാഗത്ത് മീൻപിടുത്ത ജെട്ടി, മീനുണക്കൽ കളങ്ങൾ, വലനന്നാക്കൽ കേന്ദ്രങ്ങൾ പരമ്പരാഗത രീതിയിലുള്ള മീൻ സംസ്കരണ സംവിധാനങ്ങൾ, ബോട്ടു നിർമ്മാണ ശാലകൾ, ബോട്ടുനന്നാക്കൽ കേന്ദ്രങ്ങൾ, ഐസ്പ്ലാന്റുകൾ എന്നിവ 0-50 മീറ്റർ പരിധിക്കുള്ളിൽ സ്ഥാപിക്കാവുന്നതാണ്. •

# 2010 ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം നാഷണൽ ഫിഷ്‌വർക്കേഴ്സ് ഫോറം തിരസ്കരിക്കുന്നു

**നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം (എൻ.എഫ്.എഫ്) 2010 ലെ തീരദേശ നിയന്ത്രണ വിജ്ഞാപനം തിരസ്കരിക്കുന്നു** രണ്ട് പ്രധാന കാരണങ്ങളാലാണ് എൻ.എഫ്.എഫ് ഈ വിജ്ഞാപനത്തിനെ നിരസിക്കുന്നത്

- തീരദേശ പരിസ്ഥിത്ക്ക് മതിയായ സംരക്ഷണം ഈ വിജ്ഞാപനം നൽകുന്നില്ല
- മത്സ്യതൊഴിലാളി സമൂഹത്തിന് അവരുടെ വാസപ്രദേശത്തിന്മേലുള്ള അധീനാവകാശവും, അതിന്മേൽ തീരുമാനം എടുക്കാനുള്ള അവകാശവും ഈ വിജ്ഞാപനം അംഗീകരിക്കുന്നില്ല.
- കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംഘടിപ്പിച്ചിരുന്ന പത്ത് പൊതു ചർച്ചകളിൽ മത്സ്യതൊഴിലാളി സമൂഹം അവരുടെ രണ്ട് പ്രാഥമിക ആവശ്യങ്ങൾ സ്പഷ്ടമാക്കിയിരുന്നു. ഈ ആവശ്യങ്ങൾക്ക് പരിഗണന നൽകുന്നില്ലെങ്കിൽ എന്തിനുവേണ്ടിയായിരുന്നു ഭീമമായ ചെലവും ആവശ്യത്തിലധികം സമയവും ചെലവഴിച്ച ഈ പൊതു ചർച്ചകൾ?

**എൻ.എഫ്.എഫ്. പൂർണ്ണമായും നിരസിക്കുന്നു**

- **തീരദേശപ്രദേശത്ത് പ്രത്യേക സാമ്പത്തിക മേഖലകൾ, ന്യൂക്ലീയർ ആണവ പവർ പ്ലാന്റുകൾ, വിമാനതാവളങ്ങൾ, തെർമൽ പ്ലാന്റുകൾ, വൻകിട ഭവന നിർമ്മാണ പ്രോജക്ടുകൾ എന്നിവ.** ഇവയൊന്നിനും തീരസാമിപ്യമോ, തീരജലസാമിപ്യമോ ആവശ്യമില്ല. അപ്പോൾ ഇവയൊക്കെ തീരദേശനിയന്ത്രണ മേഖലയിൽ തന്നെ എന്തിനാണ് സ്ഥാപിച്ചിരിക്കുന്നത്?
- **സമഗ്ര മുൻകൂർ പരിസ്ഥിതി ആഘാത പഠനമില്ലാതെ തീരപ്രദേശത്ത് തുറമുഖങ്ങൾ സ്ഥാപിക്കുന്നത്.** നമ്മുടെ തീരമേഖല വളരെ ലോലമാണ്. വികസന പരിപാടികൾ ഈ മേഖലയിൽ വരുന്നതിന്റെ മൊത്തം ആഘാതം വിലയിരുത്തിയിരിക്കണം. ഇപ്പോഴത്തെ കണക്കനുസരിച്ച് ഓരോ 27 കിലോമീറ്ററിന് ഒരു തുറമുഖം എന്ന നിലയിൽ ആസൂത്രണം നടന്നുവരുന്നു. ഇത്രയും തുറമുഖങ്ങളെ താങ്ങാനുള്ള ശക്തി നമ്മുടെ തീരപ്രദേശങ്ങൾക്കുണ്ടോ?
- **പൊയ്ക്കാലുകളിൽ നിൽക്കുന്ന റോഡുകൾ തീരദേശ നിയന്ത്രണ മേഖലയിൽ അനുവദിക്കുന്ന വ്യവസ്ഥ :** ഈ വ്യവസ്ഥ ദുരുപയോഗപ്പെടുത്തുന്നതിന് സാധ്യതയുണ്ട്. ഉദാഹരണത്തിന് ഒട്ടനവധി മത്സ്യതൊഴിലാളി വാസഗൃഹങ്ങളെ പൊളിച്ചുകൊണ്ട് ചെന്നൈ ബീച്ചിൽ മേൽപ്പാലറോഡ് വരുന്നതിന് സാധ്യതയേറുന്നു. മുംബൈയിലെ കണ്ടൽ പ്രദേശത്തും ഉപ്പളപ്രദേശത്തും സമാനമായ റോഡുകൾ ആസൂത്രണം ചെയ്തിരിക്കുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള തീരദേശ നിയന്ത്രണ മേഖലയിൽ എന്തിനുവേണ്ടിയാണ് ഇത്തരം ദേശീയ പാതകൾ?
- **വിശാല മുംബൈ, കേരളം, ഗോവ എന്നിവടങ്ങളിലെ ''പ്രത്യേക പരിഗണന'':** ഇത്തരം പ്രത്യേക പരിഗണനകൾ ടൂറിസം/നിർമ്മാണ ലോബികളെ മാത്രമെ സഹായിക്കുകയുള്ളു. അതുവഴി തദ്ദേശ സമൂഹത്തെ തീരത്തുനിന്ന് അകറ്റിനിർത്തപ്പെടുകയും ചെയ്യും. വൻകിട വ്യവസായങ്ങളേയും സ്ഥാപിതതാൽപര്യക്കാരെയും സഹായിക്കുന്നതിനായി തീരദേശ നിയന്ത്രണങ്ങളിൽ കൂടുതൽ വെള്ളം ചേർക്കുന്നതിനുള്ള ആവശ്യം ഉയർത്തിപ്പിടിച്ച് ഇതര സംസ്ഥാനങ്ങളും പ്രത്യേക പരിഗണകൾ ആവശ്യപ്പെട്ടാൽ കുറ്റം പറയുവാൻ കഴിയുമോ? എല്ലാ സംസ്ഥാനങ്ങൾക്കും അവരവരുടെ സ്ഥിതിവിശേഷങ്ങൾ പ്രത്യേകതയുള്ളതാണ്
- **"അതീവഗുരുതരമാം വിധം ആപത് ഭീഷണിയുള്ള തീരമേഖകൾ"** : ഇത്തരം മേഖലകൾ വിജ്ഞാപനം ചെയ്യപ്പെടുന്നതിൽ വലിയ യുക്തിഭദ്രത കാണിക്കുന്നില്ല. ഇത്തരം മേഖലകൾക്ക് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കണമെന്ന് വിജ്ഞാപനം അനുശാസിക്കുന്നു. വികസന രഹിത മേഖലയായ തീരദേശ നിയന്ത്രണ മേഖലയായ I ൽ പേലും മാനേജ്മെന്റ് പ്ലാൻ പ്രകാരം ടൂറിസവും ഇതരനിർമ്മാണ പ്രവർത്തനങ്ങളും അനുവദിക്കപ്പെടാം. നിയന്ത്രണങ്ങളെ ലളിതവത്കരിക്കപ്പെടുന്നതിനുള്ള സാധ്യതകൾക്കെതിരെ. ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. അതേസമയം മത്സ്യതൊഴിലാളി സമൂഹത്തെ അംഗീകരിക്കുന്നതിനും തീരമേഖലയിൽ അവർക്ക് സൗകര്യങ്ങൾ അനുവദിക്കുന്നതിനുമുള്ള പൊതു നിയമസംഹിതകൾ ഉണ്ടാകേണ്ടിയിരിക്കുന്നു
- **തീരദേശ നിയന്ത്രണ മേഖലയിലെ പ്രവർത്തങ്ങൾ നിയന്ത്രിക്കുന്നതിന് ഹസാർഡ് രേഖയുടെ ഉപയോഗം:** നിലവിലുള്ള 500 മീറ്റർ രേഖ സുതാര്യമാണ്. ആളുകൾക്ക് മനസ്സിലാക്കാൻ എളുപ്പമാണ്. എന്നാൽ ഹസാർഡ് രേഖയ്ക്ക് സുതാര്യത ഇല്ല. ഇനി വരയ്ക്കപ്പെടാൻ പോകുന്ന ഈ രേഖ എവിടെ വരുമെന്ന് ആർക്കുമറിയില്ല.
- **12 നോട്ടിക്കൽ മൈൽ വരെയുള്ള തീരക്കടൽ തീരദേശ നിയന്ത്രണ മേഖലയിൽ ഉൾപ്പെടുന്നത്:** ഓയിൽ, ഗ്യാസ് എന്നിവക്കുവേണ്ടിയുള്ള ഡ്രില്ലിംഗ്, മൈനിംഗ് എന്നീ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താതെ തീരക്കടൽ തീരദേശ നിയന്ത്രണ മേഖലിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ട് യാതൊരു സാംഗത്യവുമില്ല.
- **ദ്വീപികളെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിൽ നിന്ന് ഒഴിവാക്കുന്നു:** ദ്വീപ് സംരക്ഷണമേഖലാ വിജ്ഞാപനം പുറത്തിറക്കുന്നതിനായി ദ്വീപ് സമൂഹങ്ങളെ (ആൻഡമാൻ-നിക്കോബാർ, ലക്ഷദ്വീപ്) എന്നിവയെ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ദ്വീപുകളിലെ പരമ്പരാഗത സമൂഹവുമായി ചർച്ച ചെയ്യാതെയാണ് ഈ നടപടി. ഈ ദ്വീപ സംരക്ഷണമേഖലാ വിജ്ഞാപനം പഴയ തീരമേഖലാ പരിപാല വിജ്ഞാപനം തന്നെയാണ്. ദീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ നിയന്ത്രണങ്ങളിൽ നിന്ന് ദ്വീപുകളെ ഒഴിവാക്കിയെടുക്കുന്നതിന് മാത്രമാണ് ഈ നടപടി. ഒരു രാജ്യത്തിന് ഒരേ കാര്യത്തിന് എന്തിനാണ് രണ്ട് വിജ്ഞാപനങ്ങൾ?
- **മത്സ്യതൊഴിലാളി സമൂഹവും എൻ.എഫ്.എഫ്. ഉം ആവശ്യപ്പെടുന്നത്** : മത്സ്യതൊഴിലാളി വാസ പ്രദേശങ്ങളിന്മേൽ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കുള്ള അധീനാവകാശം അംഗീകരിക്കുക

വികസിതമേഖല ഉൾപ്പെടെയുള്ള എല്ലാ തീരദേശ നിയന്ത്രണമേഖലകളിലും ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഭവനങ്ങൾ നിർമ്മിക്കുന്നതിന്, പുഃനർനിർമ്മിക്കുന്നതിന്, റിപ്പയർ ചെയ്യുന്നതിന് വേണ്ടിയുള്ള മത്സ്യതൊഴിലാളി അവകാശം അംഗീകരിക്കുക. ഇതിനുവേണ്ടിയുള്ള വ്യവസ്ഥകൾ മത്സ്യതൊഴിലാളി സമൂഹവുമായും അവരുടെ സംഘടനകളുമായും ചർച്ചചെയ്ത് തീരുമാനിക്കുക. അതോടൊപ്പം തന്നെ ഭാവി തലമുറക്കുവേണ്ടി തീരദേശ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തേണ്ടതുമാണ്

## തീരദേശ നിയന്ത്രണ വിജ്ഞാപനം - ചർച്ച നടത്തി




തിരുവനന്തപുരം: നിർദ്ദിഷ്ട തീരദേശ നിയന്ത്രണ വിജ്ഞാപനം മത്സ്യതൊഴിലാളികൾക്കും തീരദേശ വാസികൾക്കും പ്രയോജനകരമല്ലെന്നും അതേസമയം ടൂറിസ്റ്റ് ലോബികൾക്കും വ്യാവസായ ലോബികൾക്കും നേട്ടം കൊയ്യാൻ ഉതകുന്നതുമാണെന്നും കേരള സ്വതന്ത്ര മത്സ്യതൊഴിലാളി ഫെഡറേഷൻ പ്രസ്ക്ലബ്ബിൽ സംഘടിപ്പിച്ച ചർച്ചാസമ്മേളനം വിലയിരുത്തി. കടൽത്തീരത്തിന്റെയും തീരക്കടലിന്റെയും അവകാശികളായ മത്സ്യതൊഴിലാളി സമൂഹത്തെ വിസ്മരിച്ചുകൊണ്ടുള്ള ഈ വിജ്ഞാപനം റദ്ദാക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാനും സമ്മേളനം തീരുമാനിച്ചു. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ഉറച്ചൊരു നിലപാട് കൈക്കൊള്ളുകയും മത്സ്യതൊഴിലാളികളുടെ പ്രതിക്ഷേധം കേന്ദ്രത്തെ അറിയിക്കണമെന്നും സമ്മേളനം നിർദ്ദേശിക്കുകയുണ്ടായി. ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ടി.പീറ്റർ അദ്ധ്യക്ഷത വഹിച്ചു. ഡി. സഞ്ജീവഘോഷ്, എസ്. രവീന്ദ്രൻ നായർ, പി.പി. ജോൺ, പ്ലാസിഡ് ഗ്യഹറി, ആർ. ബിജു, എ.ആർ. സജീർ, ആൻസലം ജോൺ, കെ.സജീദ്, ജാക്സൺ പൊള്ളയിൽ, എസ്. സ്റ്റീഫൻ, വിൻസന്റ് ജെയിൻ, ആന്റോ ഏലിയാസ്, ജെ.പി. ജോൺ എന്നിവർ പ്രസംഗിച്ചു.

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-3012196, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com